**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4589** **25.06.2019 ൽ മറുപടിയ്ക്ക്**

**<u>ചെറിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എൻ.ഒ.സി.</u>**

| **<u>ചോദ്യം</u>**<br>**ശ്രീ. ഷാഫി പറമ്പിൽ** | **<u>മറുപടി</u>**<br>**ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |
|---|---|

| | | |
|---|---|---|
| (എ) | വെള്ളത്തൂവൽ, ആനവരട്ടി, ബൈസൺവാലി തുടങ്ങിയ വില്ലേജുകളിൽ പട്ടയം കിട്ടിയിട്ടുള്ള കർഷകരുടെ ഭൂമിയിൽ നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് ജില്ലാ കളക്ടർ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ)യും (ബി)യും കേരള ഹൈക്കോടതിയുടെ WP(C) 1801/2010, WP(C) 34095/2009 എന്നീ കേസുകളിലെ 21/01/2010-ലെ ഇടക്കാല ഉത്തരവിൽ മൂന്നാർ പ്രദേശത്ത് കെട്ടിട നിർമ്മാണങ്ങൾ നടത്തുന്നതിന് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. റവന്യൂ തദ്ദേശ സ്വയംഭരണം. പൊലീസ്, ഫോറസ്റ്റ് എന്നീ വകുപ്പുകൾ എൻ.ഒ.സി ഇല്ലാതെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ മൂന്നാറിൽ നടക്കുന്നില്ല എന്ന് ഉറപ്പുവരുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണലിന്റെ അധികാര പരിധിയിൽ ആയിരുന്ന ചിന്നക്കനാൽ, കണ്ണൻദേവൻ ഹിൽസ്, ശാന്തൻപാറ, വെള്ളത്തൂവൽ, ആനവിലാസം, പള്ളിവാസൽ, ആനവിരട്ടി. ബൈസൺവാലി എന്നീ 8 വില്ലേജുകളാണ് മൂന്നാർ പ്രദേശം എന്ന് കണക്കാക്കി നിർമ്മാണ പ്രവർത്തനങ്ങൾക്ക് എൻ.ഒ.സി. നേടിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത്. 27.09.2017-ൽ ഇടുക്കി ജില്ല കളക്ടർ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ സി4-25908/2015 പ്രകാരം പൊതു ആവശ്യങ്ങൾക്കായി സർക്കാർ വകുപ്പുകൾ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് എൻ.ഒ.സി. ആവശ്യമില്ല എന്നും എന്നാൽ പൊതു ആവശ്യങ്ങൾക്കുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ ദേവികുളം സബ്കളക്ടർ പരിശോധിച്ച് എൻ.ഒ.സി. നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. |
| (ബി) | ചെറിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. വേണമെന്ന നിബന്ധന കൊണ്ടുവന്നത് കർഷകർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുള്ള സാഹചര്യത്തിൽ ഇക്കാര്യത്തിൽ പുന:പരിശോധന നടത്തുമോയെന്ന് വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ